പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4253 20.03.2018-ലെ മറുപടിക്ക്

# കെ എസ് ആർ ടി സി ദീർഘദൂര അന്തർസംസ്ഥാന സർവ്വീസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | KSRTC എത്ര ദീർഘദൂര അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തുന്നുണ്ട്; | (എ) | കെ.എസ്.ആർ.ടി.സി 207 ദീർഘദൂര അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തുന്നുണ്ട്. |
| (ബി) | ദീർഘദൂര അന്തർസംസ്ഥാന സർവ്വീസുകൾക്ക് ശീതീകരിച്ച ബസുകൾ മാത്രം പരമാവധി ഉപയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സി.യ്ക്ക് നിലവിൽ 39 ശീതീകരിച്ച ബസ്സുകളാണ് ഉള്ളത്. ഇതിൽ 35 ബസ്സുകളും ദീർഘദൂര അന്തർസംസ്ഥാന സർവ്വീസുകൾ നടത്തുന്നതിനായി ഉപയോഗിച്ച് വരുന്നു. |
| (സി) | അന്തർസംസ്ഥാന സർവ്വീസുകൾക്ക് സമയക്ലിപ്തത ഉറപ്പുവരുത്തുന്നതിനും യാത്രക്കാർക്ക് കൂടുതൽ സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ? | (സി) | അന്തർസംസ്ഥാന സർവ്വീസുകൾ യാത്രക്കാർക്ക് കൂടുതൽ സൗകര്യപ്രദമാകുന്ന രീതിയിൽ സമയക്ലിപ്തത ഉറപ്പ് വരുത്തുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി ബസ്സുകളിലേക്ക് ആകർഷിക്കുന്നതിലേക്കും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേക്കുമായി പുതിയതരം പുഷ് ബാക്ക് സീറ്റോട് കൂടിയ എയർ എക്സ് പ്രസ് ബസ്സുകളും, സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ |

| | | | |
|---|---|---|---|
| | | | സർവ്വീസുകളെന്ന പേരിൽ പുതിയ തരം സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേക്ക് പുതിയ സർവ്വീസുകളും, വാരാന്ത്യ പ്രത്യേക അന്തർസംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. കൂടുതൽ പ്രീമിയം ബസുകൾ സർവ്വീസ് ഓപ്പറേഷന് ലഭ്യമാക്കുന്നതിനായി വെറ്റ് ലീസ് വ്യവസ്ഥയിൽ പുതിയ 10 സ്കാനിയ ബസ്സുകൾ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**